# Desabhimani

## 31 August 2018

## Kalamassery, Naipunya Karmasena, Experts from Odisha

# നൈപുണ്യ കർമസേനയിലേക്ക് ഒഡീഷയിൽനിന്ന് വിദഗ്ധർ

കളമശേരി

സംസ്ഥാന സർക്കാർ വ്യാവസായിക പരിശീലനവകുപ്പ് പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച നൈപുണ്യകർമ സേനയെ സഹായിക്കാൻ ഒഡീഷയിൽനിന്ന് 25 അംഗ സംഘം എറണാകുളത്തെത്തി. എറണാകുളം, കണ്ണൂർ, മലപ്പുറം ജില്ലകളിൽ നിന്നുള്ള 400 ഓളം നൈപുണ്യകർമ സേനാംഗങ്ങൾ ജില്ലയിലെ 650ലേറെ വീടുകളിൽ അറ്റകുറ്റപ്പണികൾ നടത്തി. എറണാകുളം ജില്ലയിൽ 24 മുതലാണ് പ്രവർത്തനം ആരംഭിച്ചത്. 50ലേറെ സാങ്കേതിക



ഒഡീഷയിൽനിന്ന് എത്തിയ സാങ്കേതിക വിദഗ്ധരെ ആലുവ റയിൽവേ സ്റ്റേഷനിൽ സ്വീകരിച്ചപ്പോൾ

വിഭാഗം ജീവനക്കാരും സംഘത്തിലുണ്ട്.

ഒഡീഷയിൽനിന്ന് വ്യാഴാഴ്ച 3.30ന് ആലുവ റെയിൽവെ സ്റ്റേഷനിലെത്തിയ സംഘത്തെ നൈപുണ്യകർമ സേന നോഡൽ ഓഫീസർ പി കെ രഘുനാഥൻ സ്വീകരിച്ചു. ഹരിത കർമ സേന, പഞ്ചായത്ത് വകുപ്പ്, ജില്ലാ ഭരണകൂടം എന്നിവയുടെ നിർദേശമനുസരിച്ചാണ് നൈപുണ്യകർമ സേന പ്രവർത്തിക്കുക. സേനയുടെ സഹായത്തിന് ജില്ലാ കോ-ഓർഡിനേറ്റർ ഡി പി ദിപിനെ ബന്ധപ്പെടാം. ഫോൺ: 8592033003.